മിസ്റ്റർ കെ. അയ്യപ്പൻ: അതു് നികുത്തുന്ന ഭൂമി വിറ്റാൽ കിട്ടുന്നസംഖ്യയാണ്.

Mr. President: Questions numbers 94 and 98 may be taken together.

A.C. S. M. S. T, A. CRANGANUR—MEMORIAL REGARDING

94. (202) **Mr. C. V. Iyyu** *(Kunnamkulam)*: Will Government be pleased to state.—

(*a*) whether the All Cochin Staff Managed School Teachers' Association, Cranganur, submitted a memorial to the Hon'ble Minister for Education and Public Health on 23rd Thulam 1124;

(*b*) if so, what are the orders passed on their representations summarised in the 5 points raised by them in the last portion of the memorial?

Mr. C. A. Ouseph *(Minister for Education and Public Health)*:

(*a*) Yes.

(*b*) No orders have been passed. The matter is being considered by Government.

MEMORANDUM SUBIMTTED BY S. M. S. T. ASSOCIATION—PARTICULARS OF

98. (268) മിസ്റ്റർ കെ. കെ. കണ്ണൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ഗവണ്മെണ്ടു് സദയം മറുപടി പറയുമോ.—

(എ) സ്റ്റാഫ് മാനേജ്മെണ്ടു് സ്കൂൾ അദ്ധ്യാപകസംഘത്തിൽനിന്നു് [illegible] ലാം വകുപ്പുമന്ത്രി ബഹുമാനപ്പെട്ട ആരോഗ്യ വിദ്യാഭ്യാസമന്ത്രി അവർകൾക്കു് ഒരു മെമ്മോറാണ്ടം സമർപ്പിക്കപ്പെട്ടിട്ടുണ്ടോ;

(ബി) ആ മെമ്മോറാണ്ടത്തിൽ കാണിച്ചിട്ടുള്ള അവരുടെ ആവശ്യങ്ങൾ എന്തൊക്കെയാണു്;

(സി) അവ ഗവണ്മെണ്ടിന്റെ പര്യാലോചനയിൽ പെട്ടിട്ടുണ്ടോ?

മിസ്റ്റർ സി. എ. ഔസേപ്പു്:

(എ) ഉവ്വു്.

(ബി) മെമ്മോറാണ്ടം അനുബന്ധമായി ചേർത്തിരിക്കുന്നു.

(സി) ഉവ്വു്.

മിസ്റ്റർ അലക്സാണ്ടർ പറമ്പിത്തറ: Staff Management School-ൽ അദ്ധ്യാപകന്മാർക്കു് മുഴുവൻ ശമ്പളവും കിട്ടുന്നുണ്ടോ എന്നറിയാമോ?

മിസ്റ്റർ സി. എ. ഔസേപ്പു്: കിട്ടുന്നുണ്ടെന്നാണു് വിചാരിക്കേണ്ടതു്.

മിസ്റ്റർ അലക്സാണ്ടർ പറമ്പിത്തറ: ഈ വകയ്ക്കുള്ളിനു് പ്രത്യേകമായ വല്ല ഫണ്ടോ മറ്റോ ഉള്ളതായിട്ടറിയാമോ?

മിസ്റ്റർ സി. എ. ഔസേപ്പു്: ഏതെങ്കിലും ഒരു പ്രത്യേക School നെ പറ്റിയാണെങ്കിൽ അന്വേഷിച്ചു പറയാം. പൊതുവെ ചോദിച്ചാൽ മറുപടിപറയുവാൻ വിഷമമാണു്.

മിസ്റ്റർ അലക്സാണ്ടർ പറമ്പിത്തറ: ഈ സ്കൂൾകാര്യം Staff Management ൽ വരുവാൻ കാരണമെന്താണെന്നു് ഗവണ്മെണ്ടിനു് അറിയാമോ?

മിസ്റ്റർ സി. എ. ഔസേപ്പു്: അതൊരു development ആണു്. അതിന്റെ പഴയ കാരണങ്ങളും വേണമെങ്കിൽ പറയാം.

മിസ്റ്റർ അലക്സാണ്ടർ പറമ്പിത്തറ: മാനേജർക്കു് നടത്തിക്കൊണ്ടുപോകുവാൻ സാധ്യമല്ലാതെ വന്നപ്പോൾ അദ്ധ്യാപകന്മാർ തന്നെ ഏറ്റെടുക്കുകയല്ലേ ഉണ്ടായതു്?

മിസ്റ്റർ സി. എ. ഔസേപ്പു്: അദ്ധ്യാപകന്മാരും മാനേജർമാരും തമ്മിൽ സ്വരച്ചേർച്ചയില്ലാതായിട്ടു് അദ്ധ്യാപകന്മാർ ഏറ്റെടുത്തിട്ടുള്ള സ്കൂളുകളാണു് ഇവയെന്നറിയാം.

മിസ്റ്റർ അലക്സാണ്ടർ പറമ്പിത്തറ: സ്വരച്ചേർച്ചയില്ലാതെ ഏറ്റെടുക്കുമ്പോൾ ആ സ്കൂളിനു് വല്ല ഫണ്ടും കൊടുക്കാറുണ്ടോ?

മിസ്റ്റർ സി. എ. ഔസേപ്പു്: ഫണ്ടു് ഉണ്ടോ എന്നറിഞ്ഞുകൂടാ.

മിസ്റ്റർ അലക്സാണ്ടർ പറമ്പിത്തറ: മനേജർമാരെ പറ്റിയുള്ള ആക്ഷേപം അദ്ധ്യാപകന്മാക്കു് ശമ്പളം കൊടുക്കുന്നില്ലെന്നായിരുന്നു. ഇപ്പോൾ അവക്കു് ശരിയായി ശമ്പളം കിട്ടുന്നുണ്ടോ?

മിസ്റ്റർ സി. എ. ഔസേപ്പു്: Staff Management School ൽ അദ്ധ്യാപകന്മാർ തന്നെയാണു് ശമ്പളംകൊടുക്കുന്നതു്.

മിസ്റ്റർ അലക്സാണ്ടർ പറമ്പിത്തറ: ഗവണ്മെണ്ടിൽ നിന്നുകിട്ടുന്ന ഗ്രാന്റിൽ സ്കൂളിന്റെ മറ്റു ചിലവുകളെല്ലാം നടത്തി ബാക്കിയുള്ള സംഖ്യ ശമ്പളമായി അദ്ധ്യാപകന്മാർ വീതിച്ചു് എടുക്കുകയല്ലെ ചെയ്യുന്നതു്?

LIBRARY ARCHIVES Kerala Legislative Assembly